(iii) ആരോഗ്യ പരിശോധന

(iv) അനുപൂരക പോഷകാഹാര പരിപാടി

(v) പോഷക-ആരോഗ്യ വിദ്യാഭ്യാസം

(vi) റഫറൽ സർവ്വീസ്.

കൂടാതെ സ്ത്രീശാക്തീകരണ പരിപാടിയും കൗമാരപ്രായക്കാരുടെ കുടുംബ ആരോഗ്യ വിദ്യാഭ്യാസ പരിപാടിയും ഐ. സി. ഡി. എസ്.-ലൂടെ നടപ്പിലാക്കി വരുന്നു.

(ഡി) പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 14-6-2004-ലെ ജി. ഒ. (ആർടി.) നമ്പർ 247/04/സാക്ഷേവ. (അംഗൻവാടികൾ പുനർവിതരണം നടത്തിയ ഉത്തരവ്) അനുബന്ധമായി വച്ചിട്ടുണ്ട്.†

അംഗൻവാടി ജീവനക്കാരുടെ ക്ഷേമനിധി

40 [2167] ശ്രീ. യു. സി. രാമൻ:

,, വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, സി. മോയിൻകുട്ടി:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, ഇസഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാരുടെ ക്ഷേമനിധി പരിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇവരുടെ ക്ഷേമനിധിയിൽനിന്നും ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ക്ഷേമനിധി ബോർഡിൽ ജീവനക്കാരുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുമോ;

(ഡി) ബോർഡ് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ഇ) അംഗൻവാടി ജീവനക്കാരുടെ പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ സർക്കാർ നിശ്ചയിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 18-12-2003-ലെ സ. ഉ. (എംഎസ്.) നമ്പർ 73/03 സാക്ഷേവ. പ്രകാരം അംഗൻവാടി ജീവനക്കാരുടെ ക്ഷേമനിധി പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതം 10 ശതമാനം തുകയിൽനിന്നും വർദ്ധിപ്പിച്ച് അംഗം അടയ്ക്കുന്ന തുകയ്ക്ക് ആനുപാതികമായി 100 ശതമാനം ആക്കിയിട്ടുണ്ട്. അതോടൊപ്പം അംഗങ്ങളുടെ വിഹിതം വർക്കർ 20 രൂപ എന്നത് 30 രൂപയാക്കിയും ഹെൽപ്പർ 10 രൂപ എന്നത് 15 രൂപയാക്കിയും വർദ്ധിപ്പിച്ചു. വീണ്ടും ഉടൻ ഒരു പരിഷ്ക്കരണത്തിന് ഉദ്ദേശിക്കുന്നില്ല.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്ഷേമനിധി ചട്ടപ്രകാരം അനുവദിക്കാവുന്ന എല്ലാ ആനുകൂല്യങ്ങളും അപേക്ഷയുടെ അടിസ്ഥാനത്തിൽ അംഗങ്ങൾക്ക് നൽകിവരുന്നുണ്ട്.

(സി—ഡി) ക്ഷേമനിധിക്കായി പ്രത്യേക ബോർഡു രൂപീകരിച്ചിട്ടില്ല. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവലോകന സമിതികളിൽ അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യ ക്ഷേമ ഡയറക്ടുടെ കീഴിൽ ഡയറക്ടറേറ്റിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മേൽനോട്ടത്തിൽ ഈ ക്ഷേമനിധി പ്രവർത്തിച്ചുവരുന്നു.

(ഇ) ഇല്ല. കമ്മീഷന്റെ പ്രവർത്തനം നടന്നുവരുന്നതേയുള്ളൂ.

അംഗൻവാടി ജീവനക്കാരുടെ സേവന-വേതനം പരിഷ്ക്കരിക്കുന്നതിന് കമ്മീഷൻ

41 [2168] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്:
,, ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗൻവാടി/ബാലവാടികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) അംഗൻവാടി/ബാലവാടി ജീവനക്കാർക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യം സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ജീവനക്കാർക്ക് എന്തെങ്കിലും കൂടുതൽ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(ഡി) ഇവരുടെ സേവന-വേതനം പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് സർക്കാർ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത കമ്മീഷന്റെ പ്രവർത്തനം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അംഗൻവാടി പ്രവർത്തനം ഒരുമാസം 26-ാം തീയതി മുതൽ അടുത്തമാസം 25-ാം തീയതി വരെയാണ്. ഈ കാലയളവിൽ അംഗൻവാടി പ്രവർത്തകർ, ഐ. സി. ഡി. എസ്. സൂപ്പർവൈസർ, ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർ സെക്ടർ തലത്തിൽ യോഗംചേർന്ന് മുൻമാസത്തെ പ്രവർത്തനം വിലയിരുത്തുന്നു. ഈ വിലയിരുത്തലിന് പുറമെ അടുത്തമാസം നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ആസൂത്രണം ചെയ്യുന്നതും സെക്ടർതല യോഗങ്ങളിലാണ്. എല്ലാമാസവും അഞ്ചാമത്തെ പ്രവർത്തനദിവസം ജില്ലാതല

LIBRARY ARCHIVES Kerala Legislative Assembly